# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26





## OUR LADY OF MERCY H S S

AROOR – 688 534, ALAPPUZHA, KERALA

Ph: 0478 – 2875017, E-mail: schoolmercy@gmail.com

ആമുഖം

ഇറ്റലിയിലെ മെർസിഡേറിയൻ ഓർഡർ ഓഫ് റോമിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് ആലപ്പുഴ ജില്ലയിലെ അരൂരിലുള്ള ഔവർ ലേഡി ഓഫ് മേഴ്‌സി ഹയർ സെക്കൻഡറി സ്കൂൾ. 1888-ൽ മദർ തെരേസ ബാക്ക് സ്ഥാപിച്ച മെഴ് സിഡേറിയൻ ഓർഡർ ഒരു അന്താരാഷ്ട്ര കത്തോലിക്കാ മതസംഘടനയാണ്, അതിലെ അംഗങ്ങൾ മെർസിഡേറിയൻമാർ എന്നാണ് അറിയപ്പെടുന്നത്. വിദ്യാഭ്യാസം, ക്ലിനിക്കുകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, സാമൂഹിക സേവനങ്ങൾ, ഫാമിലി അപ്പോസ്തോലേറ്റ് തുടങ്ങിയ നിരവധി ഓഹരികളിൽ ഇന്ന് മെഴ്‌സിഡേറിയൻമാർ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും മനുഷ്യരാശിയെ സേവിക്കുന്നു.

1983-ൽ ആരംഭിച്ച ഔവർ ലേഡി ഓഫ് മേഴ്‌സി ഹയർസെക്കൻഡറി സ്കൂൾ കേരള സർക്കാരിന്റെ അംഗീകാരമുള്ളതാണ്.

ബൗദ്ധികമായ ധാർമികവും മതപരവും ശാരീരികവും സാമൂഹികവും സാംസ്കാരികവുമായ വികസനം പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസവും വിദ്യാഭ്യാസവും നൽകിക്കൊണ്ട് വിദ്യാർത്ഥികൾക്ക് സമഗ്രമായ വ്യക്തിത്വം വികസിപ്പിക്കാനും സ്ഥാപനം ശ്മിക്കുന്നു.

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : ആലപ്പുഴ
2. സ്കൂൾ കോഡ് : 34014
3. സ്കൂളിന്റെ പേര് : ഔവർ ലേഡി ഓഫ് മേഴ്സി ഹയർ സെക്കന്ററി സ്കൂൾ അരൂർ
4. പോൽ വിലാസം : അരൂർ, ആലപ്പുഴ ജില്ല
5. പിൻ കോഡ് : 688534
6. ഫോൺ നമ്പർ : 0478 287 5017
7. ഇ. മെയിൽ അഡ്രസ് : 34014alappuzha@gmail.com
8. ഗ്രാമ പഞ്ചായത്ത് : അരൂർ
9. വിദ്യാഭ്യാസ ജില്ല : ചേർത്തല
10. സബ് ജില്ല : തുറവൂർ
11. ക്ലാസുകൾ : 8 മുതൽ 12 വരെ
12. മാനേജ്മെന്റ് : പ്രൈവറ്റ് അൺ എയ്ഡഡ്
13. പഠന മാധ്യമം : ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ നല്ല രീതിയിലുള്ള വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും നൽകുക.

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർധിപ്പിക്കുക.

3. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് ആവശ്യമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

ഔവർ ലേഡി ഓഫ് മേഴ്സി HSS അരൂർ

മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ലക്ഷ്യരൂപം.

പദ്ധതി വിശദാംശങ്ങൾ.

പ്രവർത്തനം: 1 ഇംഗ്ലീഷ് ഭാഷാപഠനം.

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുക. അതിനായി ആഴ്ചയിൽ നാലു ദിവസവും കുട്ടികൾ തന്നെ ന്യൂസ് അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കും. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിൽ സംവാദങ്ങൾ സംഘടിപ്പിക്കുന്നു. കാലികപ്രാധാന്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുത്താണ് അവതരിപ്പിക്കുന്നത്. ക്ലാസ്സ്മുറികളിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർക്ക് പ്രവർത്തനമികവിനായുള്ള ബാഡ്ജ് നൽകുന്നു.

പ്രവർത്തനം: 2. മലയാള ഭാഷാമികവ്.

കുട്ടികളെ സർഗ്ഗാത്മകരചനകളിൽ ഏർപ്പെടാനുള്ള അവസരമൊരുക്കൽ. ആഴ്ചയിൽ ഒരു കഥയെങ്കിലും ഒരു കുട്ടി നിർബന്ധമായും വായിക്കുന്നതിനായി കഥാപരിചയം ക്ലാസ്സ്മുറികളിൽ നടത്തുന്നു. ക്ലാസ്സ്റൂം ലൈബ്രറി പ്രോത്സാഹിപ്പിക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ പരിപാടികളിൽ കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നു. ക്ലാസ്സിൽ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനം നടത്തുന്നു.

പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കാനും അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കാൻ അവസരമൊരുക്കുന്നു. പ്രശസ്തരായ കവികളുടേയും എഴുത്തുകാരുടേയും വീടുകളും എഴുത്തിടങ്ങളും സന്ദർശിക്കാൻ ഉള്ള അവസരമൊരുക്കുന്നു. സ്കൂൾ ലൈബ്രറിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

പ്രവർത്തനം: 3. ദിനാചരണങ്ങൾ.

കുട്ടികളുടെ വിവിധ ശേഷികളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ചാർട്ട് ചെയ്യുകയും അസംബ്ലിയിൽ അതാത് ദിനങ്ങളോടനുബന്ധിച്ച് അവയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു. അധ്യാപക ദിനം വളരെ വിപുലമായി ആഘോഷിക്കുകയും അതിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുകയും ചെയ്യുന്നു.

പ്രവർത്തനം: 4 ഗണിത, ശാസ്ത്ര പരിപോഷണം.

കുട്ടികളിലെ ഗണിത, ശാസ്ത്ര മികവ് മെച്ചപ്പെടുത്തുന്നതിനായി ജൂൺ മുതൽ തന്നെ കുട്ടികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ശാസ്ത്ര - ഗണിതശാസ്ത്രമേളകളിൽ അവരുടെ കഴിവ് തെളിയിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് സ്കൂൾ മേളകളിൽ [illegible] ലെ കുട്ടികളുടെ

വികസ് തെളിയിക്കാനുതകും ചെയ്യുന്നു.

ശാസ്ത്രത്തിൽ മികച്ചനിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനക്ലാസ്സുകൾ നൽകുന്നു. കുട്ടികൾക്ക് പ്രയോജനകരമായ പഠനയാത്രകൾ സംഘടിപ്പിക്കുന്നു. ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്.

പ്രവർത്തനം: 5. സാമൂഹികശാസ്ത്രവികസ്.

സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കാൻ ഉതകുന്നവിധത്തിലുള്ള പഠനപ്രവർത്തികൾ നടപ്പിലാക്കുന്നു. സാമൂഹിക ശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നു. ഹിരോഷിമ - നാഗസാക്കി ദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയ ദിനങ്ങളിൽ കുട്ടികൾ പോസ്റ്റർ പ്രദർശനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും വിഷയത്തിന്റെ ഗൗരവം ഉൾക്കൊള്ളുന്നു. യുദ്ധത്തിനെതിരെയുള്ള സമാധാനറാലിയും സംഘടിപ്പിക്കുന്നു. സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കുന്നു.

പ്രവർത്തനം: 6. ബുള്ളറ്റിൻ ബോർഡ്.

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

പ്രവർത്തനം: 7 - രാഷ്ട്രഭാഷ ... ശ്രേഷ്ഠഭാഷ.

ഹിന്ദിവാരം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദിയുള്ളതിൽ പ്രസിദ്ധ കവിതകൾ എന്നിവ ഹിന്ദിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

പ്രവർത്തനം: 8. കായികപരിശീലനം.

കായികപരിശീലനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നുണ്ട്. കായികമത്സരങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകുന്ന സ്കൂൾ എന്ന നിലയിൽ സംസ്ഥാനതലം വരെയുള്ള സ്ഥാനങ്ങൾ പിടിക്കാറുണ്ട്. അതിനാവശ്യമായ പരിശീലനം കുട്ടികൾക്ക് നൽകുന്നു.

പ്രവർത്തനം: 9. പച്ചക്കറിത്തോട്ടം.

കാർഷികസംസ്കൃതിയെ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു.

പ്രവർത്തനം: 10. തൊഴിലധിഷ്ഠിതം:

കുട്ടികളിൽ തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കുന്നതിന് വേണ്ടി ചില പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്നു. ഡിഷ് വാഷ് നിർമ്മാണം, സോപ്പ് നിർമ്മാണം തുടങ്ങിയവയിൽ കൃത്യമായ പരിശീലനം നൽകുന്നു.

വികസിനായിരുന്നുടെ പ്രവർത്തനങ്ങൾ.

സാമൂഹികം.

ക്ലബ്ബിന്റെ സാമൂഹികമായ ഇടപെടലുകളിൽ എടുത്തുപറയേണ്ടുന്ന ചില പ്രവർത്തനങ്ങൾ:-

പ്രവർത്തനം: 1

എല്ലാവർഷവും അശരണരായ അമ്മമാരെ തിരഞ്ഞെടുത്ത് ക്ക് തലചായ്ക്കാൻ ഇടമില്ലാത്ത നിർധനരായവർക്ക് വീട് വെച്ചുകൊടുക്കുന്ന സ്നേഹഭവനം പദ്ധതി ക്ലബ്ബ് നടപ്പിലാക്കി വരുന്നു.

ജലപാഠം പദ്ധതിയിലൂടെയും ഐസ്ക്രീം ഫെസ്റ്റ്, ബിരിയാണി ഫെസ്റ്റ്, ഭക്ഷ്യമേള എന്നിവ സംഘടിപ്പിച്ച് അതിൽ നിന്ന് കിട്ടുന്ന വരുമാനങ്ങളും സുമനസ്സുകളുടെ സഹായവും മറ്റും കൊണ്ടാണ് സ്നേഹഭവനം പദ്ധതി നടപ്പിലാക്കുന്നത്. ഈ അക്കാദമിക് വർഷം 6 വീടുകൾ നിർമ്മിച്ചു നൽകാൻ ക്ലബ്ബ് പദ്ധതിയിടുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പ്രവർത്തനം: 2.

ഓണം മുതലായ വിശേഷാവസരങ്ങളിൽ നിർധനരായ അമ്മമാരെ കണ്ടെത്തി ഓണക്കിറ്റ് വിതരണം എല്ലാവർഷവും നടത്തുന്നു.

പ്രവർത്തനം: 3.

അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ കുട്ടികൾ സന്ദർശിക്കുകയും അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുകയും അവർക്കു വേണ്ടുന്ന സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

പ്രവർത്തനം: 4. കുട്ടികൾ കൊണ്ടുവരുന്ന പുസ്തകങ്ങൾ ശേഖരിച്ച് അടുത്തുള്ള സർക്കാർ ആശുപത്രിയിൽ ഒരു ഹോസ്പിറ്റൽ ലൈബ്രറി തുടങ്ങി.

## ഉപസംഹാരം.

ഔവർ ലേഡി ഓഫ് ഫേയ്സ് HSS അരൂർ സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഉന്നത മേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പകർന്ന് മാതൃകാപരമായി പ്രാവർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്ത

ഞങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും ജനപ്രതിനിധികളുടേയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹായം കൊണ്ട് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.